**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**വികാസ്ഭവൻ, തിരുവനന്തപുരം**
**(ഹാജർ : എ.എം.സുനിൽകുമാർ)**

വിഷയം : കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - മെക്കാനിക്ക് ശ്രീ. ആർ.ഹരിത്കുമാറിന് പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : 1) കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 19.08.2017 ലെ ഇ(2)6214/2017-ാം നമ്പർ കത്ത്.
2) പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 16.09.2017 ലെ ഇ(2)452/2017-ാം നമ്പർ കത്ത്.

**ഉത്തരവ് നം. എസ്.എച്ച്.(1)13224/17 തീയതി: 11.10.2017**

പരാമർശം (1) പ്രകാരം കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ മെക്കാനിക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ആർ.ഹരിത്കുമാർ, പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ മെക്കാനിക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. അലക്സാണ്ടർ.വി.നൈനാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 01.08.2017 മുതൽ മെക്കാനിക്ക് തസ്തികയിൽ തുറന്ന ഒഴിവുള്ളതായി പരാമർശം (2) പ്രകാരം പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോട്ടയം, ഏറ്റുമാനൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ മെക്കാനിക്ക് ശ്രീ. ആർ.ഹരിത്കുമാറിനെ പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒഴിവുള്ള മെക്കാനിക്ക് തസ്തികയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റിയ ഉടൻ തന്നെ ഏറ്റുമാനൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ടിയാനെ വിടുതൽ ചെയ്യേണ്ടതും ടിയാൻ പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട മേലധികാരികൾ വിടുതൽ/പ്രവേശന ഉത്തരവുകളുടെ പകർപ്പുകൾ ഈ കാര്യാലയത്തിൽ നിശ്ചിത സമയത്തിനകം അറിയിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ട നിയമനമായതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് ജോയിനിംഗ് ടൈം ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്
**കാർഷിക വികസന കർഷക**
**ക്ഷേമ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ശ്രീ. ആർ.ഹരിത്കുമാർ, മെക്കാനിക്ക്
കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
ഏറ്റുമാനൂർ (മേലധികാരി മുഖേന)

SHAJU C.K
Administrative Assistant
Directorate of Agricultural Development
& Farmers Welfare Development
Vikas Bhavan, Thiruvananthapuram-33

പകർപ്പ്

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോട്ടയം.
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട.
3) കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഏറ്റുമാനൂർ
4) കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പത്തനംതിട്ട.
5) സേവനപുസ്തകം
6) സംഭരണഫയൽ 2017 / അധികം.
7) I.T സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

pks10-05/10/17